# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 134 — 27.2.2017 ൽ മറുപടിക്ക്

## കേരളത്തിൽ പ്രവർത്തിക്കുന്ന എംബസികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കേരളത്തിൽ ഇപ്പോൾ ഏതെല്ലാം രാജ്യങ്ങളുടെ എംബസികൾ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് നിലവിൽ യാതൊരു രാജ്യത്തിന്റെയും എംബസികൾ പ്രവർത്തിക്കുന്നില്ല എന്നാൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ്, മാലി റിപ്പബ്ലിക് എന്നീ രാജ്യങ്ങളുടെ കോൺസുലേറ്റുകളും ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്കയുടെ ഓണററി കോൺസുലേറ്റും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമ്മനി, റഷ്യൻ ഫെഡറേഷൻ എന്നീ രാജ്യങ്ങൾ അവരുടെ ഓണററി കൗൺസലുകളെ തിരുവനന്തപുരത്ത് നിയമിച്ചിട്ടുമുണ്ട്. |
| (ബി) | രാജ്യ തലസ്ഥാനത്ത് എംബസികൾക്ക് പ്രത്യേക സോൺ അനുവദിച്ചിരിക്കുന്നതുപോലെ കേരളത്തിലും അനുവദിക്കുമോ; | (ബി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | എംബസികളിൽ വരുന്നവർക്ക് വേണ്ട വിവരങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കോൺസുലേറ്റുകളിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്നവർക്ക് അതത് കോൺസുലേറ്റുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ സഹായങ്ങളും കോൺസുലേറ്റുകൾക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ